REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **എട്ടാമത് അന്താരാഷ്ട്ര സൗരോർജ്ജസഖ്യം സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ ഇന്ന് അഭിസംബോധന ചെയ്യും.**
- **കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ട നടപടികൾ ഇന്നാരംഭിക്കും.**
- **തൃശ്ശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്ക് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.**
- **കോഴിക്കോടിനെ അതിദാരിദ്ര്യമുക്ത ജില്ലയായി ഇന്ന് പ്രഖ്യാപിക്കും.**
- **തിരുവനന്തപുരത്ത് സംസ്ഥാന സ്ക്കൂൾ കായികമേള വൈകിട്ട് സമാപിക്കും.**

## വാർത്തകൾ വിശദമായി

എട്ടാമത് അന്താരാഷ്ട്ര സൗരോർജ്ജസഖ്യം സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് അഭിസംബോധന ചെയ്യും. ന്യൂഡൽഹി ഭാരത് മണ്ഡപത്തിലെ സമ്മേളനത്തിൽ 124 രാജ്യങ്ങളും 40ൽ പരം വിദേശമന്ത്രിമാരും പങ്കെടുക്കുന്നുണ്ട്. എല്ലാവർക്കും കുറഞ്ഞ ചെലവിൽ സൗരോർജ്ജം എന്ന കാഴ്ചപ്പാടോടെയാണ് നാല് ദിവസത്തെ ആഗോള സമ്മേളനം.

സൗരോർജ്ജത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ് സമ്മേളനം നടത്തുന്നത്. മൊത്തം വൈദ്യതി ഉത്പാദനത്തിന്റെ 50 ശതമാനവും

ഫോസിൽ ഇതര ഇന്ധന സ്രോതസ്സുകൾ വഴിയാണ് ഇന്ത്യ ഇപ്പോൾ കണ്ടെത്തുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മുംബൈയിൽ മാരിടൈം ലീഡേഴ്സ് കോൺക്ലേവിനെ അഭിസംബോധന ചെയ്യും. ഗ്ലോബൽ മാരിടൈം CEO ഫോറത്തിലും പ്രധാനമന്ത്രി പങ്കെടുക്കും. ഒരു ലക്ഷത്തിലധികം പ്രതിനിധികളും 85-ലധികം രാജ്യങ്ങളുടെ പങ്കാളിത്തവും കോൺക്ലേവിൽ ഉണ്ടായിരിക്കും.

✪✪✪

വിക്സിത് ഭാരത് പ്രശ്നോത്തരി മത്സരത്തിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി യുവജനങ്ങളെ ആഹ്വാനം ചെയ്തു. വിക്സിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് 2.0 രാജ്യത്തെ യുവാക്കൾക്ക് രാഷ്ട്രനിർമ്മാണത്തിന് സംഭാവന നൽകാൻ മികച്ച അവസരമാണെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. ഈ മാസം 31 വരെ പ്രശ്നോത്തരിയിൽ പങ്കെടുക്കാം.

✪✪✪

കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ട നടപടികൾ ഇന്നാരംഭിക്കും. ഇതിന്റെ ഭാഗമായി ഇവിടങ്ങളിലെ വോട്ടർപട്ടിക കഴിഞ്ഞ അർദ്ധരാത്രി മരവിപ്പിച്ചു. കേരളത്തിന് പുറമെ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ്, ഗോവ, പുതുച്ചേരി, തമിഴ്നാട്, ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ, UP, പശ്ചിമബംഗാൾ എന്നിവിടങ്ങളിലാണ് ഈ ഘട്ടത്തിൽ തീവ്ര പരിഷ്കരണം നടപ്പാക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്....

...........വോയ്സ്........

എന്യൂമറേഷൻ ഫോമുകളുടെ അച്ചടിയും BLO മാരുടെ പരിശീലനവും ഇന്ന് ആരംഭിക്കുമെന്ന് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ്കുമാർ ഇന്നലെ ന്യൂഡൽഹിയിൽ അറിയിച്ചിരുന്നു. നവംബർ നാല് മുതൽ ഒരു മാസം കൊണ്ട് വോട്ടർപട്ടിക പുതുക്കൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. കരട് പട്ടിക ഡിസംബർ ഒമ്പതിനും അന്തിമ പട്ടിക അടുത്ത വർഷം ഫെബ്രുവരി ഏഴിനും പ്രസിദ്ധീകരിക്കും.

പരിഷ്കരണ നടപടികളുടെ ഭാഗമായി ജില്ലാ കളക്ടർമാരുടെ യോഗവും, ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ വീഡിയോ കോൺഫറൻസും ഇന്ന്

ഉണ്ടാകുമെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ തിരുവനന്തപുരത്ത് അറിയിച്ചു.

നാളെ അംഗീകൃത ദേശീയ - സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ യോഗം തിരുവനന്തപുരത്ത് ചേരുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. ഉച്ച കഴിഞ്ഞ് മാധ്യമപ്രവർത്തകരുടെ യോഗവും ഉണ്ടായിരിക്കും.

✪✪✪

നാവിക സേന തദ്ദേശീയമായി നിർമ്മിച്ച സർവെ കപ്പൽ ഇക് ഷാക് കൊച്ചി നേവൽബേസിൽ നവംബർ ആറിന് കമ്മീഷൻ ചെയ്യും. നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ്കുമാർ തൃപാഡി കമ്മീഷൻ ചടങ്ങിൽ അധ്യക്ഷനാകുമെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു. ദുരന്ത രക്ഷാ കപ്പലായും അടിയന്തരഘട്ടങ്ങളിൽ ആശുപത്രി സൗകര്യത്തോട് കൂടിയ കപ്പലായും ഇക് ഷാകിനെ പ്രയോജനപ്പെടുത്തും.

✪✪✪

നരേന്ദ്ര മോദി ഗവൺമെന്റ് കഴിഞ്ഞമാസം 22ന് പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണത്തിന്റെ ഗുണഫലങ്ങൾ ജനങ്ങളിൽ എത്തിക്കഴിഞ്ഞു. ലാഭോത്സവത്തിന്റെ ഭാഗമായി സ്റ്റേഷനറി സാധനങ്ങളുടെ നികുതി നിരക്ക് കുറഞ്ഞതിനെ പറ്റി തയ്യാറാക്കിയ റിപ്പോർട്ട്...

....വോയ്സ്.....

GST പരിഷ്കാരങ്ങൾ രാജ്യത്തെ വിദ്യാർത്ഥികൾക്കും ചില്ലറ വ്യാപാരികൾക്കും ഏറെ ഗുണകരമാണ്. സ്റ്റേഷനറി സാധനങ്ങളുടെ നികുതി കുറച്ചതിലൂടെ പെൻസിലുകൾക്കും നോട്ട് ബുക്കുകൾക്കും കോപ്പികൾക്കും പരിശീലന പുസ്തകങ്ങൾക്കും ഗ്രാഫ് നോട്ടുകൾക്കും ലബോറട്ടറി നോട്ട് ബുക്കുകൾക്കും GST പൂർണ്ണമായും ഒഴിവായി. എറേസറുകൾക്കും പെൻസിൽ ഷാർപ്പ്ണറുകൾക്കും നികുതിയില്ല. ജ്യോമട്രി ബോക്സുകൾക്ക് 12 ശതമാനം ഉണ്ടായിരുന്ന നികുതി ഇപ്പോൾ അഞ്ചു ശതമാനം മാത്രമാണ്. ഈ മാറ്റങ്ങൾ രാജ്യത്തെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ഗുണം ചെയ്യുന്നതിനൊപ്പം ചില്ലറവ്യാപാരികൾക്കും ചെറുകിട കച്ചവടക്കാർക്കും പ്രയോജനകരമായി മാറുകയും ചെയ്തു.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള - കർണാടക - ലക്ഷദ്വീപ്, തീരങ്ങളിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

തൃശ്ശൂർ ജില്ലയിൽ ശക്തമായ മഴ തുടരുന്നതിനാൽ ഇന്ന് പ്രൊഫഷണൽ കോളേജുകൾ അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി നൽകി. CBSE, ICSE സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയം, അങ്കണവാടികൾ, മദ്രസകൾ, ട്യൂഷൻ സെന്ററുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്.

✪✪✪

പല പ്രതികൂല സാഹചര്യങ്ങളേയും അതിജീവിച്ചാണ് നാടിനെ ഇന്നത്തെ നിലയിൽ എത്തിക്കാൻ സാധിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ചേർത്തലയിൽ പറഞ്ഞു. പുന്നപ്ര വയലാർ രക്തസാക്ഷി വാരാചരണത്തിന്റെ സമാപന സമ്മേളനം വയലാറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജനങ്ങളെ മറന്നുകൊണ്ട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മുന്നോട്ടു പോകില്ലെന്ന് ചടങ്ങിൽ സംസാരിച്ച CPI സംസ്ഥാന സെക്രട്ടറി ബിനോയി വിശ്വം പറഞ്ഞു.

✪✪✪

PM ശ്രീ പദ്ധതിയിൽ മന്ത്രിസഭാ തീരുമാനം ലംഘിക്കപ്പെട്ടു എന്ന് കാണിച്ച് CPI മന്ത്രിമാർ ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയന് ആലപ്പുഴയിൽ കത്ത് നൽകി. ഇന്നലെ CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും, പാർട്ടി മന്ത്രിമാരും മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു.

PM ശ്രീ ധാരണ പത്രം റദ്ദാക്കിയിലെങ്കിൽ മന്ത്രിസഭാ യോഗത്തിൽ നിന്ന് വിട്ട് നിൽക്കാനാണ് CPI യുടെ തീരുമാനം.

✪✪✪

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. വലിപ്പത്തിൽ ഏഷ്യയിലെ രണ്ടാമത്തേയും, ഇന്ത്യയിലെ ആദ്യത്തെ ഡിസൈനർ സുവോളജിക്കൽപാർക്കുമാണ് പുത്തൂരിലേത്. ചടങ്ങിൽ മന്ത്രിമാരായ K. രാജൻ, AK ശശീന്ദ്രൻ, ഡോ. R. ബിന്ദു തുടങ്ങിയവർ പങ്കെടുക്കും.

ആകാശവാണി പ്രതിനിധി ഭരിത പ്രതാപ് .......

.........വോയ്സ്......

നഗരത്തിന്റെ വീർപ്പുമുട്ടലുകൾക്കിടയിൽനിന്ന് സ്വാഭാവിക വനത്തിന്റെ സ്വച്ഛതയിലേക്ക് മാറുന്ന മൃഗശാല കാത്തുവച്ചിരിക്കുന്നത് കാഴ്ചയുടെ പുതുലോകം. സന്ദർശകർക്ക് ജനുവരി മുതൽ പ്രവേശനം അനുവദിക്കുന്നതോടെ കേരളത്തിലെ ടൂറിസം സർക്യൂട്ടിലെ പ്രധാന കേന്ദ്രമായി പുത്തൂർ പാർക്ക് മാറും

മനുഷ്യർക്കും മൃഗങ്ങൾക്കും പക്ഷികൾക്കും വൃക്ഷലതാദികൾക്കും വേണ്ടി മുന്നൂറ്റി മുപ്പത്തിയാറ് ഏക്കറിൽ ഒരുങ്ങിയിരിക്കുകയാണ് പുത്തൂർ സുവോളജിക്കൽ പാർക്ക്. മൃഗങ്ങൾക്കും പക്ഷികൾക്കും അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയാണ് പാർക്കിൽ ഒരുക്കുന്നത്. പുത്തൂരിൽ വനംവകുപ്പിന്റെ 336 ഏക്കറിലാണ് പാർക്ക് തുറക്കുന്നത്. കിഫ്ബി വഴി ലഭിച്ച 331 കോടി രൂപയിലാണ് സുവോളജിക്കൽ പാർക്കിന്റെ നിർമാണം പൂർത്തിയാകുന്നത്.

മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കുന്ന ചടങ്ങിൽ റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ സ്വാഗതം ആശംസിക്കും വനം, വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ അധ്യക്ഷത വഹിക്കും. സുവോളജിക്കൽ പാർക്ക് സ്റ്റാമ്പിന്റെ പ്രകാശനം മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കും.

കേന്ദ്രമന്ത്രി സുരേഷ് ഗോപി, സംസ്ഥാനത്തെ മറ്റ്മ മന്ത്രിമാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ്, എം.പി.മാർ, എം.എൽ.എ.മാർ ജില്ലാ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. . ഉദ്ഘാടന ചടങ്ങിന് ശേഷം ജയരാജ് വാര്യർ നയിക്കുന്ന നിത്യഹരിത ഗാനസന്ധ്യ അരങ്ങേറും.

പാർക്ക് ഉദ്ഘാടനത്തിന് മുന്നോടിയായി ഒക്ടോബർ 25-ന് ആരംഭിച്ച സാംസ്കാരികോത്സവം ഇന്ന് സമാപിക്കും

✪✪✪

കോഴിക്കോടിനെ അതിദാരിദ്ര്യമുക്ത ജില്ലയായി ഇന്ന്  പ്രഖ്യാപിക്കും. നവംബർ ഒന്നിന്  കേരളത്തെ അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായാണ് ജില്ലാതല പ്രഖ്യാപനം. രാവിലെ  കോഴിക്കോട് SK പൊറ്റക്കാട് ഹാളിൽ മന്ത്രി AK ശശീന്ദ്രൻ പ്രഖ്യാപനം നടത്തും.

ഇന്നലെ ഇടുക്കി വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ വികസന സദസ്സിൽ ഇടുക്കി ജില്ലയെ അതിദാരിദ്ര്യമുക്ത ജില്ലയായി മന്ത്രി MB രാജേഷ് പ്രഖ്യാപിച്ചിരുന്നു.

✪✪✪

തിരുവനന്തപുരത്ത് സംസ്ഥാന സ്ക്കൂൾ കായികമേള വൈകിട്ട് സമാപിക്കും. മൽസരങ്ങൾ അവസാന ദിവസത്തിലേക്കു കടക്കുമ്പോൾ തിരുവനന്തപുരം ജില്ല 1810 പോയിന്റുമായി ബഹുദൂരം മുന്നിലാണ്. 871 പോയിന്റുമായി തൃശൂരും, 843 പോയിന്റുമായി കണ്ണൂരും, 789 പോയിന്റുമായി പാലക്കാടുമാണ് തുടർ സ്ഥാനങ്ങളിൽ.

അത്‌ലറ്റിക്സിലെ 16-ഉം ഗെയിംസിലെ ആറും മൽസരങ്ങൾ കൂടിയാണ് ഇനി ശേഷിക്കുന്നത്. സ്ക്കൂൾ വിഭാഗം അത്‌ലറ്റിക്സിൽ 70 പോയിന്റുമായി മലപ്പുറം കടകശ്ശേരി ഐഡിയൽ ഇംഗ്ലീഷ് ഹയർസെക്കൻഡറി സ്ക്കൂളാണ് മുന്നിൽ.

സ്കൂൾ കായികമേളയുടെ സമാപനത്തോട് ബന്ധപ്പെട്ട് ഉച്ച കഴിഞ്ഞ് തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലയിൽ എല്ലാ സ്കൂളുകൾക്കും അവധി നൽകി.

ആകാശവാണി ലേഖകൻ സ്മിതി Mപള്ളുരുത്തി...

........വോയ്സ്.....

ആതിഥേയ ജില്ലയായ തിരുവനന്തപുരം ചാമ്പ്യൻ പട്ടം ഉറപ്പിച്ചു കൊണ്ടാണ് സംസ്ഥാന സ്ക്കൂൾ കായിക മേള അവസാന ദിനത്തിലേക്കു കടക്കുന്നത്. അവസാന ദിനത്തിലേക്കു കടക്കുന്നതിനു മുന്നേ തന്നെ ഇരുന്നൂറു സ്വർണമാണ് തിരുവനന്തപുരം ജില്ല നേടിയിട്ടുള്ളത്. ഇന്നു വൈകിട്ട് നാലു മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യാതിഥിയായി സമാപന ചടങ്ങ് നടക്കും.

ഓവറോൾ ചാമ്പ്യൻമാർക്കുള്ള മുഖ്യമന്ത്രിയുടെ സ്വർണക്കപ്പുമായുള്ള ഘോഷയാത്ര ഇന്നലെ വൈകിട്ട് തലസ്ഥാന നഗരിയിൽ നടന്നിരുന്നു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസും, മലപ്പുറം FC-യും ഏറ്റുമുട്ടും. രാത്രി ഏഴരയ്ക്ക് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പൊതുബോധം ജനങ്ങൾ കാത്തുസൂക്ഷിക്കണമെന്നും മാലിന്യ സംസ്കരണത്തിന് ജാഗ്രത കാണിക്കാത്തവർക്കെതിരെ ശക്തമായ നടപടികൾ എടുക്കണമെന്നും സ്പീക്കർ AN ഷംസീർ ആവശ്യപ്പെട്ടു. വടകരയിൽ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിനായി നിർമിക്കുന്ന ഓഫീസ് കെട്ടിടത്തിനും ഷോപ്പിങ് കോംപ്ലക്സിനും തറക്കല്ലിടുകയായിരുന്നു സ്പീക്കർ

✪✪✪

കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 53 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന പുതിയ അക്കാദമിക്ക് ബ്ലോക്കിന് മറ്റന്നാൾ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ തറക്കല്ലിടും.

പ്രധാനമന്ത്രി ജൻ വികാസ് കാര്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പുതിയ ബ്ലോക്ക് നിർമ്മാണമെന്ന് രജിസ്ട്രാർ ഇൻ ചാർജ്ജ് ഡോ. R. ജയ പ്രകാശ് അറിയിച്ചു.

✪✪✪

പൊന്നാനി നിയോജക മണ്ഡലത്തിലെ ബിയ്യം കായലിന് കുറുകെ നിർമിക്കുന്ന തുറുവാണം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമാണം മന്ത്രി PA. മുഹമ്മദ് റിയാസ് ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു. 37 കോടിയിൽ പരം രൂപ നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ ഭവന നിർമാണ പദ്ധതി സംസ്ഥാനതല ഉദ്ഘാടനം വൈകിട്ട് മന്ത്രി KN. ബാലഗോപാൽ പാലക്കാട്ട് നടത്തും. കോട്ടമൈതാനത്തെ പരിപാടിയിൽ മന്ത്രി MB.രാജേഷ് അധ്യക്ഷനായിരിക്കും.

✪✪✪

വിദ്യാർഥികളിൽ വ്യക്തി - പരിസര ശുചിത്വ ശീലങ്ങൾ ചെറുപ്രായത്തിലേ വളർത്തിയെടുക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് നിറവേറ്റാൻ കഴിയുമെന്ന് സ്പീക്കർ AN.ഷംസീർ പറഞ്ഞു.

കണ്ണൂർ  നെടുങ്ങോം ഹയർ സെക്കൻഡറി സ്കൂളിന്റെ  നാല് കോടി രൂപ ചെലവിൽ നിർമ്മിച്ച പുതിയ കെട്ടിടം  ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്പീക്കർ.

✪✪✪

കാസർഗോഡ് കുംബള അനന്തപുരം വ്യവസായ എസ്റ്റേറ്റിലെ  പ്ലൈവുഡ് ഫാക്ടറിയിൽ ഇന്നലെ ബോയിലർ സ്ഫോടനത്തിൽ അതിഥി തൊഴിലാളി മരിച്ചു. ഒമ്പത് അതിഥി തൊഴിലാളികൾക്ക് പരിക്കേറ്റു.

✪✪✪

കാസർഗോഡ് കുംബള അനന്തപുരം വ്യവസായ എസ്റ്റേറ്റിലെ  പ്ലൈവുഡ് ഫാക്ടറിയിൽ ഇന്നലെ ബോയിലർ സ്ഫോടനത്തിൽ അതിഥി തൊഴിലാളി മരിച്ചു. ഒമ്പത് അതിഥി തൊഴിലാളികൾക്ക് പരിക്കേറ്റു.

✪✪✪

*News Editor & News Reader :  അനിൽ ചന്ദ്രൻ*
*News Reader: സബിത കെ, സാലിം*
*DEO: സി കെ സുബോധ്*